(ബി)

	(രൂപ കോടിയിൽ)
കാർഷികാദായ നികുതി	6.67
ഭൂനികുതി	38.40
സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ	486.53
എക്സൈസ്	663.07
വില്പന നികുതി	5343.15
മോട്ടോർ വാഹന നികുതി	513.20
ഇലക്ട്രിസിറ്റി ഡ്യൂട്ടി	192.63
മറ്റു നികുതികളും ഡ്യൂട്ടികളും	30.95

(സി)

	(രൂപ കോടിയിൽ)
കാർഷികാദായ നികുതി	1.21
ഭൂനികുതി	51.02
സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ	438.98
എക്സൈസ്	423.33
വില്പന നികുതി	3879.60
മോട്ടോർ വാഹന നികുതി	426.81
ഇലക്ട്രിസിറ്റി ഡ്യൂട്ടി	122.77
മറ്റു നികുതികളും ഡ്യൂട്ടികളും	വിവരം ലഭ്യമല്ല.

2003-2004-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന റവന്യൂ വരവ്-ചെലവ് കണക്കുകൾ

24 [1031] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 2003-2004-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന സംസ്ഥാനത്തിന്റെ റവന്യൂ വരവ് എത്രയായിരുന്നു; ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) 2003-2004-ലെ റവന്യൂ ചെലവ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത് എത്രയായിരുന്നു; സർക്കാരിന്റെ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് 31-12-2003 വരെയുള്ള റവന്യൂ ചെലവ് എത്രയാണ്;

(സി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ വർഷാന്ത്യ ചെലവ് കൂടുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എത്ര എന്ന് വിശദീകരിക്കാമോ;

(ഡി) ഈ വർദ്ധനവിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-2004-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരുമാനം 12699.61 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരുമാനം 12551.25 കോടി രൂപയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 2003-2004-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന റവന്യൂ ചെലവ് 15364.64 കോടി രൂപയായിരുന്നു. 31-12-2003 വരെയുള്ള കണക്കുകൾ ലഭ്യമായിട്ടില്ല. 30-11-2003 വരെ ലഭ്യമായ കണക്കു പ്രകാരം റവന്യൂ ചെലവ് 9153.90 കോടി രൂപയാണ്.

(സി) ഉണ്ട്. 2003-2004-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റവന്യൂ ചെലവ് 16227.48 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് അധിക സബ്സിഡി ഇനത്തിൽ തുക അനുവദിച്ചതും, ജീവനക്കാർക്ക് അനുവദിച്ച രണ്ട് ഗഡു ഡി. എ., പെൻഷൻകാർക്ക് അനുവദിച്ച ഡി. ആർ., സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത വകയിലുള്ള പലിശ, പൊതുകടത്തിൻമേൽ വന്ന പലിശ തുടങ്ങിയവയാണ് റവന്യൂ ചെലവ് വർദ്ധിക്കുവാൻ കാരണം.

LIBRARY ARCHIVES Kerala Legislative Assembly